# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.T* 295 — 22.06.2012- ലെ മറുപടിക്ക്

## പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ കാലതാമസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ഡോ. ടി. എം. തോമസ് ഐസക്ക്<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. ജെയിംസ് മാത്യു | ശ്രീ. കെ.സി. ജോസഫ്<br>( ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി പ്രഖ്യാപിക്കാൻ കാല താമസം നേരിടുന്നത് എന്തുകൊണ്ടാണ്; പ്രസ്തുതപദ്ധതിക്ക് അന്തിമ-രൂപം ആയിട്ടുണ്ടോ; കേന്ദ്ര പ്ലാനിംഗ് കമ്മീഷനുമായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചർച്ച നടത്തിയിട്ടുണ്ടോ; | (എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17) അടങ്കൽ ഇതിനകം തീരുമാനിച്ചിട്ടുണ്ട്. അടങ്കൽ തുക ഒരു ലക്ഷത്തി അയ്യായിരം (105000) കോടിരൂപയായാണ് നിശ്ചയിച്ചിട്ടുള്ളത്. കേന്ദ്രസർക്കാർ പന്ത്രണ്ടാം പദ്ധതി രൂപീകരിക്കുന്നതിന നുസൃതമായിട്ടായിരിക്കും സംസ്ഥാന ത്തിന്റെ പഞ്ചവത്സര പദ്ധതിക്ക് അന്തിമരൂപം നൽകുന്നത്. ഇതിനകം തന്നെ 12-ാം പഞ്ചവത്സര പദ്ധതി യുടെ ആദ്യ വാർഷിക പദ്ധതി അംഗീകാരത്തിന്വേണ്ടി കേന്ദ്ര പ്ലാനിംഗ് കമ്മീഷനുമായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചർച്ച നടത്തുകയും 14010 കോടി രൂപയുടെ വാർഷിക പദ്ധതിക്ക് അംഗീകാരം നേടുകയും ചെയ്തു. |
| (ബി) 2012-17 കാലഘട്ടത്തിൽ നടപ്പാക്കേണ്ട പദ്ധതിയുടെ ആദ്യ ആറു മാസങ്ങൾ പിന്നിട്ടിട്ടും പദ്ധതി പ്രഖ്യാപിക്കാൻ പോലും കഴിയാത്തത് എന്തെല്ലാം വീഴ്ചകൾ മൂലമാണ്; | (ബി) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 2012-13 വാർഷിക പദ്ധതിക്ക് ഇതിനകം തന്നെ അംഗീകാരം ലഭിക്കുകയും, പദ്ധതി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) പദ്ധതിദേശീയവികസനകൗൺസി-ലിന്റെ അനുമതിക്കായി സമർപ്പിച്ചുവോ; ഇല്ലെങ്കിൽ ഇപ്പോഴത്തെ അവസ്ഥ എന്താണ്? | (സി) പന്ത്രണ്ടാം പദ്ധതി രൂപീകരണത്തിന് ശേഷം മാത്രമേ ദേശീയ വികസന കൗൺസിലിന്റെ അനുമതിക്കായി സമർ-പ്പിക്കുവാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ.